SOCIETY TODAY - 19-03-2025




# മത്സ്യമേഖലയിലെ സംരംഭസാധ്യതകൾ തുറന്നുകാട്ടി സിഫ്റ്റ് അക്വാബിസ് 2.0

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അക്വാബിസ് 2.0' എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർസംഘടിപ്പിച്ചു. അഗ്രിഇന്നോവേറ്റ് ഇന്ത്യ, ഐ സി എ ആർ ഐപി ആന്റ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സെമിനാർ. ഐസിഎആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് അക്വാബിസ് 2.0 ലക്ഷ്യമിടുന്നത്. പനമ്പിള്ളി നഗറിലെ ഹോട്ടൽ അവന്യൂ സെന്ററിൽ നടന്ന സെമിനാറിൽ

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ അധ്യക്ഷത വഹിച്ചു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻഎഫ്ഡിബി) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹ്റ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. എൻഎഫ്ഡിബിയുടെ സംരംഭകത്വത്തിനായുള്ള ധനസഹായ ഘടനകളെക്കുറിച്ച് ഡോ. ബിജയ് കുമാർ ബെഹ്റ സെമിനാറിൽ വിശദീകരിച്ചു. പ്രധാനമന്ത്രി മത്സ്യ സമ്പത യോജന (പിഎംഎംഎസ്‌വൈ) യും അതിന്റെ വിവിധ ഫണ്ടിംഗ് രീതികൾ, മത്സ്യകർഷകരെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള പിഎംഎംഎസ്‌വൈയുടെ ഉപപദ്ധതിയായ പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ യോജന (പിഎംഎംകെഎസ്എസ്‌വൈ), മത്സ്യകൃഷി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവയെക്കുറിച്ചും (എഫ്ഐഡിഎഫ്) അദ്ദേഹം സംസാരിച്ചു.

ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസന മന്ത്രാലയം മുൻ സെക്രട്ടറി ഡോ. തരുൺ ശ്രീധർ ഐഎഎസ് (റിട്ട.) ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. മത്സ്യ ഉത്പന്നങ്ങളിലെ ഏറ്റവും വലിയ മൂല്യവർദ്ധനവ് ഗുണനിലവാരമാണെന്ന് അദ്ദേഹം പറഞ്ഞു. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (എസ്.ഇ.എ.ഐ) വൈസ് പ്രസിഡന്റ് അലക്സ് നൈനാൻ വിശിഷ്ടാതിഥിയായിരുന്നു. അമിത മത്സ്യബന്ധനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുൾപ്പെടെ സമുദ്രോത്പന്ന വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികൾ അദ്ദേഹം ചൂണ്ടികാണിച്ചു. ഈ പ്രശ്നങ്ങളെ മറികടക്കുന്നതിൽ സാങ്കേതിക കണ്ടുപിടിത്തങ്ങളുടെ പ്രാധാന്യം എത്രത്തോളമെന്ന് അദ്ദേഹം വിവരിച്ചു.ഐ സി എ ആർ സിഫ്റ്റിൽ നിന്നും പരിശീലനം ലഭിച്ച് സംരംഭകരായ സിവ ഇക്കോസിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും സി.ഇ.ഒയുമായ നിഖിൽ ദേവ്; ഫിഷ് ഐയുടെ സീനിയർ സെയിൽസ് മാനേജർ മുഹമ്മദ് ഷെരീഫ്; സരിൻ ഗൗർമെറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും ഡയറക്ടറുമായ സൗരവ് പി. സതീഷ് എന്നിവർ സെമിനാറിൽ തങ്ങളുടെ സംരംഭക അനുഭവങ്ങൾ പങ്കുവെച്ചു.

സി.എം.എഫ്.ആർ.ഐ ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. എ പി ദിനേശ് ബാബു , അഗ്രി ഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് സി.ഇ.ഒ ഡോ. പ്രവീൺ മാലിക്; അഗ്രിഇന്നോവേറ്റ് ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗം ആനന്ദ് മോഹൻ അവസ്തി; അഗ്രിഇന്നോവേറ്റ് ബിസിനസ് മാനേജർ ധ്രുവ വി.സി.; സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. സി.ഒ. മോഹൻ, ഡോ. യു. പാർവതി എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

സമുദ്രോത്പന്ന വ്യവസായം നേരിടുന്ന പ്രതിസന്ധികൾ, മത്സ്യബന്ധന മേഖലയിലെ സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ സംരംഭങ്ങൾ, നബാർഡിന്റെ സാമ്പത്തിക സഹായ പദ്ധതികൾ, അഗ്രി ഫിനാൻസ്: എസ്ബിഐയിൽ നിന്നുള്ള അവസരങ്ങളും പിന്തുണയും, അഗ്രി ഇന്നൊവേറ്റീവ് ഇന്ത്യ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവയെ കുറിച്ച് വിദഗ്ധർ സദസ്യരുമായി ചർച്ച ചെയ്തു.

കൂടാതെ ഐസിഎആർ സിഫ്റ്റും വിവിധ വ്യവസായ പങ്കാളികളും തമ്മിലുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറി. സ്പൈക്കൺ ബയോയിലെ രജനി രാജൻ എന്ന വനിതാ സംരംഭകയുമായി സഹകരിച്ച് സിഫ്റ്റ് വികസിപ്പിച്ചെടുത്ത നൂതന ഉത്പന്നത്തിന്റെ (കുക്കീസ്) പ്രകാശനവും ചടങ്ങിൽ നടന്നു.